(ബി) സിവിൽ സർജന്റെ ഒരു ഒഴിവിലേക്ക് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നൽകി ഒഴിവു നികത്തുന്നതാണ്. കോടതി ഉത്തരവ് നിലനിൽക്കുന്നതിനാലാണ് ഹെൽത്ത് ഇൻസ്പെക്ടറുടെ പ്രൊമോഷൻ വൈകുന്നത് ഫാർമസിസ്റ്റിന്റെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 2-ന്റെ ഒരു ഒഴിവ് പ്രൊമോഷൻവഴി നികത്തുന്നതാണ്. പാർട്ട് ടൈം ക്ലീനറുടെ ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്കും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഒഴിവുകൾ

84(773) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഓരോ പ്രാഥമികാരോഗ്യ കേന്ദ്രത്തിലും അനുവദിക്കപ്പെട്ട ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് തസ്തികകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് തസ്തികകളിൽ നിലവിൽ ഒഴിവുണ്ടെന്നും അവ എത്രയെന്നും വ്യക്തമാക്കുമോ;

(സി) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ വിവിധ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പി.എച്ച്.സി. മങ്ങാട്ടിടം, ചിറ്റാരിപ്പറമ്പ് എന്നിവിടങ്ങളിൽ ഡോക്ടർമാരുടെ ഒരു ഒഴിവ് വീതം ഉണ്ട്. പാരാമെഡിക്കൽ തസ്തികകളിൽ നിലവിൽ ഒഴിവുകൾ ഒന്നുംതന്നെയില്ല.

(സി) നിലവിലെ ഡോക്ടർമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly